"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - വയനാട് ചൂരൽമല ദുരന്തബാധിതരുടെ 30/07/2024 തീയതി വരെ ഉണ്ടായിരുന്ന മൊത്തം വായ്പാബാധ്യതയും സർക്കാർ ഏറ്റെടുത്തുകൊണ്ടും, ഇതിനാവശ്യമായി വരുന്ന പതിനെട്ട് കോടി എഴുപത്തിയഞ്ച് ലക്ഷത്തി അറുപത്തിയൊമ്പതിനായിരത്തി മുപ്പത്തിയേഴ് രൂപ തൊണ്ണൂറ് പൈസ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചും- ഉത്തരവാകുന്നു

---

**ദുരന്തനിവാരണ (എ) വകുപ്പ്**

G.O.(Ms)No.4/2026/DMD തീയതി,തിരുവനന്തപുരം, 29-01-2026

---

പരാമർശം:-

1. GO (P) No. 1/2024/DMD തീയതിയിലെ 02-08-2024
2. GO (P) No. 2/2024/DMD തീയതിയിലെ 09-08-2024
3. മുഖ്യമന്ത്രിയുടെ 12/06/2025 തീയതിയിലെ D.O. No. 1402/2025/CM നമ്പർ കത്ത്.
4. ബഹു. ഹൈക്കോടതിയുടെ 08/10/2025 തീയതിയിലെ WP(C) NO. 28509 OF 2024(S) ഇടക്കാല ഉത്തരവ്
5. ജില്ലാ കളക്ടർ സമർപ്പിച്ച ലോൺ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട്
6. 22/01/2026 കേരള ഗ്രാമീൺ ബാങ്ക് ജനറൽ മാനേജർ (ക്രെഡിറ്റ് മോണിറ്ററിഗ് & റിക്കവറി ഡിപ്പാർട്ട്മെന്റ്) സമർപ്പിച്ച കുറിപ്പ്

**ഉത്തരവ്**

വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപ്പൊട്ടലുമായി ബന്ധപ്പെട്ട ദുരന്തബാധിതരുടെ വായ്പ കുടിശ്ശികകൾ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് 2024 ഓഗസ്റ്റ് മുതൽ നിരന്തരം ആവശ്യപ്പെട്ടിരുന്നു.

2) ഈ വിഷയത്തിൽ WP(C) No.28509 OF 2024(S) ആയി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിൽ, ബഹു. ഹൈകോടതിയുടെ ഇടപെടൽ ഉണ്ടായിട്ടും കേന്ദ്ര സർക്കാർ, വയനാട് മേപ്പാടി ചൂരൽമല ദുരന്ത ബാധിതരുടെ വായ്പ എഴുതി തള്ളണമെന്ന ആവശ്യം ഇതുവരെ അംഗീകരിച്ചിട്ടില്ല. മാത്രമല്ല വായ്പ എഴുതി തള്ളുന്നതിനു സഹായകരമാകുന്ന Disaster Management ACT-ലെ Section 13 വ്യവസ്ഥ കേന്ദ്ര സർക്കാർ റദ്ദാക്കുകയും ചെയ്തു. പരാമർശം (3) പ്രകാരം സർക്കാർ ഈ വ്യവസ്ഥ പുനഃസ്ഥാപിക്കണമെന്നു കേന്ദ്രത്തോട് ആവശ്യപ്പെട്ടെങ്കിലും കേന്ദ്രത്തിൽ നിന്നും അനുകൂല നിലപാട് ലഭിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ശുപാർശ കേന്ദ്ര സർക്കാർ അംഗീകരിക്കാത്ത സാഹചര്യത്തിൽ, പ്രസ്തുത ലോൺ കുടിശ്ശികകൾ സാധ്യമായ മാർഗ്ഗങ്ങൾ വിനിയോഗിച്ചു ഏറ്റെടുക്കുന്ന വിഷയം പരിഗണിക്കുന്നതാണ് എന്ന് ബഹു.ഹൈകോടതിയെ

സംസ്ഥാന സർക്കാർ അറിയിച്ചിരുന്നു.

3) കേന്ദ്ര സർക്കാർ ഈ വിഷയത്തിൽ സ്വീകരിക്കുന്ന നിലപാട് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ, ഹൈക്കോടതിയുടെ അന്തിമ വിധിക്കു വിധേയമായി നടപടി സ്വീകരിക്കാമെന്ന് തീരുമാനിക്കുകയുണ്ടായി. എന്നാൽ ഇതുവരെ കേന്ദ്ര സർക്കാർ ബഹു. ഹൈക്കോടതിയിൽ അനുകൂല നിലപാട് അറിയിച്ചിട്ടില്ല.

4) ഇനിയും ദുരന്തബാധിതർക്കു നൽകേണ്ട സഹായം വൈകിപ്പിക്കുന്നത് നീതീകരിക്കാൻ സാധിക്കില്ല എന്ന് സംസ്ഥാന സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വായ്പ വിശദാംശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് വയനാട് ജില്ലാ കളക്ടറിൽ നിന്നും ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത വിശദാംശങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് ജില്ലാ കളക്ടർ സർക്കാരിന് പരാമർശം (5) പ്രകാരം ലഭ്യമാക്കി . ഇത് സംബന്ധിച്ച് ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ₹ 18,75,69,037.90/- (പതിനെട്ടു കോടി എഴുപത്തിയഞ്ച് ലക്ഷത്തി അറുപത്തിയൊമ്പതിനായിരത്തി മുപ്പത്തിയേഴ് രൂപ തൊണ്ണൂറു പൈസ) ആണ് കുടിശ്ശികയുള്ളത്.

5) പ്രസ്തുത ലിസ്റ്റ് പ്രകാരം നാല് കാറ്റഗറികളിലാണ് വായ്പകൾ തരം തിരിച്ചിരിക്കുന്നത് :

**i. വിവിധ ഘട്ടങ്ങളിലായി (1,2A,2B) പുനരധിവാസ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കുടുംബങ്ങളുടെ വായ്പകൾ**

**ii. മറ്റൊരു ഗുണഭോക്തൃ പട്ടികയിലും ഉൾപ്പെടാത്ത, എന്നാൽ ദുരന്തത്തിൽ മരണപ്പെട്ട വ്യക്തികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വായ്പകൾ (ദുരന്ത ബാധിത പ്രദേശത്തെ താമസക്കാർ അല്ലാത്തവർ)**

**iii. വാണിജ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വായ്പകൾ**

a. **വാണിജ്യ സ്ഥാപനങ്ങളിലെ വാടകക്കാരായ വ്യാപാരികളുടെ വായ്പകൾ (വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥരല്ലാത്തവർ, ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതരുടെ പട്ടികയിൽ ഉൾപ്പെടാത്തവർ, പുനരധിവാസ പട്ടികകളിലും മറ്റ് ഗുണഭോക്തൃ പട്ടികകളിലും ഉൾപ്പെടാത്തവർ)**

b. **വാണിജ്യ കെട്ടിട ഉടമകളായ വ്യാപാരികൾ (മറ്റൊരു ഗുണഭോക്തൃ പട്ടികയിലും ഉൾപ്പെടാത്തവർ)**

c. **വാണിജ്യ കെട്ടിട ഉടമകൾ (മറ്റൊരു ഗുണഭോക്തൃ പട്ടികയിലും ഉൾപ്പെടാത്തവർ)**

**iv. ഉപജീവനബത്ത ലഭിക്കുന്ന, എന്നാൽ മറ്റൊരു ഗുണഭോക്തൃ പട്ടികയിലും ഉൾപ്പെടാത്ത**

**വ്യക്തികളുടെയും കുടുംബങ്ങളുടെയും വായ്പകൾ ( അതായത് കടകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരായതിനാൽ ജീവനോപാധി നഷ്ടപ്പെട്ടത് മൂലം ഉപജീവന ബത്ത ലഭിക്കുന്നവർ ).**

6 ) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് , വായ്പയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| Sl No. | വിഭാഗം | ഗുണഭോക്താക്കൾ /വായ്പകളുടെ എണ്ണം | 50,000 വരെയുള്ള ലോണുകൾ | 1,00,000 വരെയുള്ള ലോണുകൾ | 5,00,000 വരെയുള്ള ലോണുകൾ | 10,00,000 വരെയുള്ള ലോണുകൾ | 10,00,000 രൂപയ്ക്കു മുകളിൽ ഉള്ള ലോണുകൾ | ആകെ ലോൺ തുക |
|---|---|---|---|---|---|---|---|---|
| 1 | വിവിധ ഘട്ടങ്ങളിലായി (1,2A,2B) പുനരധിവാസ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കുടുംബങ്ങളുടെ വായ്പകൾ. | 446/980 | 1,19,65,591.94 | 1,62,62,360.88 | 4,91,33,323.56 | 2,44,17,089.72 | 1,20,35,1061 | 11,38,13,472.2 |
| 2 | മറ്റൊരു ഗുണഭോക്തൃ പട്ടികയിലും ഉൾപ്പെടാത്ത, എന്നാൽ ദുരന്തത്തിൽ മരണപ്പെട്ട വ്യക്തികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വായ്പകൾ ( ദുരന്ത ബാധിത പ്രദേശത്തെ താമസക്കാർ അല്ലാത്തവ | 12/23 | 2,36,827 | 5,71,095.2 | 10,27,629 | NIL | NIL | 18,35,551.2 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ർ ) | | | | | | | |
| 3 | വാണിജ്യ സ്ഥാപനങ്ങളിലെ വാടകക്കാരായ വ്യാപാരികളുടെ വായ്പകൾ | 20/61 | 5,90,184 | 9,01,408.211 | 48,58,300.14 | 30,34,642 | NIL | 93,84,534.35 |
| 4 | വാണിജ്യ കെട്ടിട ഉടമകളായ വ്യാപാരികളുടെ വായ്പകൾ | 14/41 | 6,09,184.5 | 5,25,979 | 29,55,631.75 | 21,75,228.7 | NIL | 62,66,023.95 |
| 5 | വാണിജ്യ കെട്ടിട ഉടമകൾ മാത്രമായവരുടെ വായ്പകൾ | 2/5 | NIL | 7,50,461.5 | NIL | NIL | NIL | 7,50,461.5 |
| 6 | ഉപജീവനബത്ത ലഭിക്കുന്ന, എന്നാൽ മറ്റൊരു ഗുണഭോക്തൃ പട്ടികയിലും ഉൾപ്പെടാത്ത വ്യക്തികളുടെയും കുടുംബങ്ങളുടെയും വായ്പകൾ | 61/510 | 61,15,095.22 | 97,80,644.96 | 2,20,06,472.91 | 1,12,38,338.52 | 63,78,443 | 5,55,18,994.61 |
| | | 555/1620 | 1,95,16,882.66 | 2,87,91,949.751 | 7,99,81,357.36 | 4,08,65,298.94 | 1,84,13,549.1 | 18,75,69,037.9 |

- ആകെ ലോണുകളുടെ എണ്ണം = 1620
- ഗുണഭോക്താക്കളുടെ എണ്ണം = 555
- 10 ലക്ഷം വരെയുള്ള വായ്പ ബാധ്യത = 16,91,55,488.711
- 10 ലക്ഷം മുതൽ മുകളിലേക്ക് ഉള്ള വായ്പ ബാധ്യത തുക = 1,84,13,549.1

- ആകെ ബാധ്യത തുക = 18,75,69,037.9

7) ദുരന്ത ബാധിതരുടെ 93.01 ലക്ഷം രൂപ എഴുതി തള്ളിയതായി പരാമർശം (6) പ്രകാരം കേരള ബാങ്ക് ജനറൽ മാനേജർ അറിയിച്ചിരുന്നു .

8) സർക്കാർ ഈ വിഷയങ്ങൾ വിശദമായി പരിശോധിച്ചു. രാജ്യം ഇന്നുവരെ കണ്ടിട്ടില്ലാത്ത രീതിയിൽ ഉള്ള ദുരന്തത്തിൽ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടതും, ജീവനും, ജീവനോപാധിയും നഷ്ടപെട്ട നിരാലംബരായ ജനതയെ സഹായിക്കേണ്ടത് ഒരു സർക്കാരിന്റെ ഉത്തരവാദിത്തമാണ്. അവർക്കും മറ്റുള്ളവർക്കൊപ്പം സമൂഹത്തിൽ മാന്യമായി ജീവിക്കാൻ അവകാശം ഉണ്ട്. ഇനിയും അവർക്കു നൽകേണ്ട സഹായങ്ങൾ വൈകിപ്പിക്കുന്നത് തികച്ചും അനീതിയാണ് .

9) മേൽ സാഹചര്യത്തിൽ, വയനാട് ചൂരൽമല ദുരന്തബാധിതരുടെ വായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കണം എന്ന സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന ബഹു. ഹൈക്കോടതിയുടെ ശക്തമായ ഇടപെടൽ ഉണ്ടായിട്ടും കേന്ദ്ര സർക്കാർ അംഗീകരിക്കാൻ തയ്യാറായിട്ടില്ലാത്ത സാഹചര്യത്തിലും, ദുരന്ത ബാധിതരുടെ വായ്പ എഴുതിത്തള്ളാൻ സഹായകരമായിരുന്ന ദുരന്ത നിവാരണ ആക്ട് 2005 ലെ Section 13 വ്യവസ്ഥ കേന്ദ്രസർക്കാർ റദ്ദാക്കിയിട്ടുള്ള സാഹചര്യത്തിലും, വയനാട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഖണ്ഡിക 6 -ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം വയനാട് ചൂരൽമല ദുരന്തബാധിതരുടെ 30/07/2024 തീയതി വരെ ഉണ്ടായിരുന്ന വായ്പാബാധ്യത മുഴുവൻ സർക്കാർ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു. വയനാട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനാവശ്യമായി വരുന്ന തുകയായി കണക്കാക്കിയിട്ടുള്ള ₹18,75,69,037.90 (പതിനെട്ട് കോടി എഴുപത്തിയഞ്ച് ലക്ഷത്തി അറുപത്തിയൊമ്പതിനായിരത്തി മുപ്പത്തിയേഴ് രൂപ തൊണ്ണൂറ് പൈസ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാങ്കുകൾക്ക് അനുവദിക്കുന്നതിനായി വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതാണ് .

10) കേരള ബാങ്ക് എഴുതിത്തള്ളിയതായി അറിയിച്ചിട്ടുള്ള ₹93.01 ലക്ഷം രൂപ കേരള ബാങ്കിന് അനുവദിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ് .

11) ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30/07/2024 മുതൽ ഇതുവരെ

ഈ വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനാൽ ഈ കാലയളവിലെ പലിശ, വായ്പാ ബാധ്യതയിൽ ഉൾപ്പെടുത്തിയിട്ടില്ല .

12) ദുരന്തബാധിതരുടെ CIBIL സ്കോറിനെ ബാധിക്കാത്ത രീതിയിൽ വായ്പ കുടിശ്ശിക ഒറ്റ തവണ തീർപ്പാക്കൽ (One Time Settlement) വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് SLBC - യുമായി ചേർന്ന് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

13) വയനാട് ജില്ലാ കളക്ടർ സമർപ്പിച്ച പട്ടികയിൽ നിന്നും വ്യത്യസ്തമായി ഏതെങ്കിലും വ്യക്തിയെ പുതുതായി ഉൾപ്പെടുത്തേണ്ടിവന്നാലോ ഒഴിവാക്കേണ്ടിവന്നാലോ, അതിന്മേൽ തീരുമാനമെടുക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ദുരന്തനിവാരണ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന ഒരു ഉന്നതതല സമിതിയെ നിയോഗിക്കുന്നു .

14) തുക ജില്ലാ കളക്ടർക്കു നൽകുന്നതിനുള്ള നടപടികൾ റവന്യൂ (DRF) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M G RAJAMANICKAM
SECRETARY

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, വയനാട്
കമ്മീഷണർ, ലാന്റ് റവന്യൂ
അഡ്വക്കേറ്റ് ജനറൽ എറണാകുളം ( ആമുഖ കത്ത് സഹിതം)
കമ്മീഷണർ, ദുരന്ത നിവാരണം
ജനറൽ മാനേജർ കേരള ബാങ്ക്
കൺവീനർ SLBC കേരളം, കാനറാ ബാങ്ക് സർക്കിൾ ഓഫീസ്PB No 159,MG Road,തിരുവനന്തപുരം
ട്രഷറി ഡയറക്ടർ
സെക്രട്ടറി, നിയമ വകുപ്പ്
സെക്രട്ടറി, ധനകാര്യ വകുപ്പ്
റവന്യൂ (DRF) വകുപ്പ്
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
പൊതുഭരണ (SC) വകുപ്പ് (ഇനം നമ്പർ: )
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 30-01-2026 11:27:35**

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-01-2026

ഫയൽ നം. ഡിഎം.എ2/329/2025/ഡി.എം.ഡി. ഇനം നം: 3602

വിഷയം : ദുരന്ത നിവാരണ വകുപ്പ് - വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപ്പൊട്ടലുമായി ബന്ധപ്പെട്ട ദുരന്തബാധിതരുടെ വായ്പ കുടിശ്ശികകൾ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത്.

തീരുമാനം : വയനാട് ചൂരൽമല ദുരന്തബാധിതരുടെ വായ്പ കുടിശ്ശിക എഴുതിതള്ളുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന ബഹു. ഹൈക്കോടതിയുടെ ശക്തമായ ഇടപെടൽ ഉണ്ടായിട്ടും അംഗീകരിക്കാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ലാത്ത സാഹചര്യത്തിലും, ദുരന്തബാധിതരുടെ വായ്പ എഴുതിതള്ളാൻ സഹായകരമായിരുന്ന ദുരന്തനിവാരണ ആക്ട് 2005-ലെ സെക്ഷൻ 13 വ്യവസ്ഥ കേന്ദ്രസർക്കാർ റദ്ദാക്കിയ സാഹചര്യത്തിലും, ദുരന്തബാധിതരുടെ വായ്പ കുടിശ്ശിക എഴുതിതള്ളുന്നത് ഇനിയും വൈകിപ്പിക്കുന്നത് ദുരന്തബാധിതരോട് ചെയ്യുന്ന ഏറ്റവും വലിയ നീതിരഹിതമായ പ്രവർത്തിയാണ് എന്ന് സംസ്ഥാന സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുറിപ്പിലെ നിർദ്ദേശങ്ങൾ 1 (a), 2, 3, 4 അംഗീകരിച്ചു.

വായ്പ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതുമൂലം ദുരന്തബാധിതരുടെ cibil score-നെ ബാധിക്കാത്ത രീതിയിൽ ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥയിൽ നടപ്പിലാക്കാൻ SLBC-യുമായി ചേർന്ന് അടിയന്തിര നടപടി സ്വീകരിക്കാൻ ചീഫ് സെക്രട്ടറിയെ മന്ത്രിസഭ ചുമതലപ്പെടുത്തി.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ്.

3602

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡിഎം.എ 2/329/2025-ഡി.എം.ഡി. |
| 2. | വകുപ്പ് | ദുരന്ത നിവാരണ (എ) വകുപ്പ് |
| 3. | വിഷയം | വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപ്പൊട്ടലുമായി ബന്ധപ്പെട്ട ദുരന്തബാധിതരുടെ വായ്പ കുടിശ്ശികകൾ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 27/07/2025 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ബിന്ദു സി. വർഗ്ഗീസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എം. ജി. രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 26/01/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26/01/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 27/01/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27/01/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപ്പൊട്ടലുമായി ബന്ധപ്പെട്ട ദുരന്തബാധിതരുടെ വായ്പ കുടിശ്ശികകൾ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) WPC No.28509 OF 2024(S) ആയി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിൽ, വയനാട് മേപ്പാടി ചൂരൽമല ദുരന്ത ബാധിതരുടെ വായ്പ എഴുതി തള്ളണമെന്ന ആവശ്യം ബഹു ഹൈകോടതിയുടെ ഇടപെടൽ ഉണ്ടായിട്ടും കേന്ദ്ര സർക്കാർ ഇതുവരെ അംഗീകരിച്ചിട്ടില്ല. മാത്രമല്ല വായ്പ എഴുതി തള്ളുന്നതിനു സഹായകരമാകുന്ന DM ആക്ടിലെ Section 13 വ്യവസ്ഥ കേന്ദ്ര സർക്കാർ റദ്ദാക്കുകയും ചെയ്തു. സംസ്ഥാന സർക്കാർ 12/06/2025 തീയതിയിലെ കത്ത് പ്രകാരം ഈ വ്യവസ്ഥ പുനഃസ്ഥാപിക്കണമെന്ന ആവശ്യപ്പെട്ടെങ്കിലും കേന്ദ്രത്തിൽ നിന്നും അനുകൂല നിലപാട് ലഭിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ശുപാർശ കേന്ദ്ര സർക്കാർ അംഗീകരിക്കാത്ത സാഹചര്യത്തിൽ, പ്രസ്തുത ലോൺ കുടിശ്ശികകൾ CMDRF-ൽ നിന്നോ SDRF-ൽ നിന്നോ മറ്റ് സാധ്യമായ മാർഗ്ഗങ്ങൾ വിനിയോഗിച്ചോ ഏറ്റെടുക്കുന്ന കാര്യം സംസ്ഥാന സർക്കാർ പരിഗണിക്കുന്നതാണ് എന്ന് 30/07/2024 തീയതിയിലെ അഫിഡവിറ്റിൽ സംസ്ഥാന സർക്കാർ ബഹു. ഹൈ കോടതിയെ അറിയിച്ചിരുന്നു. ഇത് സംബന്ധിച്ച് ബഹു .ഹൈ കോടതിയുടെ 08/10/2025 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ പ്രസക്ത ഭാഗം താഴെ ചേർക്കുന്നു.

**"………..2. It has become quite apparent to this Court, therefore, that the Union Government does not intend to exercise its discretion to direct the banks concerned to waive the repayment of the loan amounts in question, and that is indeed unfortunate. Notwithstanding the averments in the affidavit filed by it before this Court, we cannot accept the stand taken by the Union Government that it is powerless to act in a situation such as this. Article 73 of the Indian Constitution makes it abundantly clear that the executive power of the Union shall extend to matters with respect to which the Parliament has the power to make laws. It is also significant that the Parliament's legislative powers include the residual power to legislate over all matters, including taxation, not specified in any of the lists under the seventh schedule to the Constitution. As the repository of such vast powers, we would have thought that the Union Government would have considered itself constitutionally obliged to act in a responsible manner to protect the fundamental right to life of the hapless victims of a natural disaster that the Government itself categorised as "Severe"**

for the purposes of the Disaster Management Act, 2005. This is more so when we find from a news report in the Hindu daily today [8.10.2025] that the Union Government has approved Rs.707 crore in aid, by way of additional central assistance to the States of Assam and Gujarat which were affected by flood and landslides during 2024. The monetary relief sought in the instant proceedings through a loan waiver is merely a fraction of the figures indicated in the news report referred to above. Unfortunately, the submissions hitherto made before us, based on the affidavit referred to above, demonstrate an unwillingness on the part of the Union Executive to come to the aid of the victims of the Wayanad tragedy.

3. Part III of our Constitution obligates the State to protect the fundamental rights of our people. The term "State" under the Constitution refers collectively to the governing machinery that includes the legislative, executive and judicial wings of the Union, the States and the Union Territories, that together constitute India, that is Bharat. The federal principle envisaged under the Constitution does not allow for a differential treatment being meted out by the Union Government to citizens in any particular state. Party politics cannot negate the constitutional guarantee of protection of the fundamental rights of the people in a democratic republic. In the instant case, what is at stake is the fundamental right of the landslide victims of Wayanad to a life with dignity. Having lost their lands, and their means of livelihood, in the devastating landslide, they are now being called upon to repay the loans availed by them for agricultural and related purposes when the very property that they had offered as collateral security while availing those loans has ceased to exist. This is nothing short of an affront to their dignity which has been recognised as an aspect of their fundamental right to life under Article 21 of the Constitution. By refusing to exercise a power that they have, in a situation that calls for the exercise of that power, we are of the view that the Union Government has virtually failed the landslide victims of Wayanad.

4. Exasperating though the situation may be, our commitment to constitutional morality obliges us to respect the principle of separation of powers envisaged under the Constitution and thereby to defer to the decision of the Union Government on a matter of economic policy. We therefore refrain from issuing

*any directions to the Union Government regarding the manner in which they ought to exercise their discretion. However, as an integral part of the "State" under the Constitution, and as a guardian of the fundamental rights of the people, we cannot remain mute spectators to the Shylockian methods resorted to by the banks concerned to recover the loans advanced by them. We believe that we can certainly consider the legality of the recovery action initiated by them against the backdrop of the circumstances under which such action is initiated. Fairness in state action being one of the cardinal features of the rule of law that is recognised as a basic feature of the Constitution, we cannot presently permit the banks and financial institutions concerned to ride rough shod over the fundamental rights of the landslide victims at a time when they are struggling to restore normalcy in their lives."*

3)ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയുന്ന രീതിയിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

***"In case of waiver of loans Finance Department agrees as follows:***

***a. During the discussion, the Secretary DMD had reported that the DC Wayanad has submitted a total list of about 1044 beneficiaries with 1207 loans amounting to a total of about Rs 30 crore for consideration of waiver/relief. Of these, Administrative Department may prioritise the waiver/relief for Wayanad disaster-affected families under Category 1. The fund required can be met from the ₹120 crore available under SDRF with relaxed guidelines as per the orders of the Hon'ble High Court .***

***c. A suitable ceiling for waiver/ relief per-household ceiling may be prescribed."***

4) രാജ്യം ഇന്നുവരെ കണ്ടിട്ടില്ലാത്ത രീതിയിൽ ഉള്ള ദുരന്തത്തിൽ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടതും, ജീവനും, ജീവനോപാധിയും നഷ്ടപെട്ട നിരാലംബരായ ജനതയെ സഹായിക്കേണ്ടത് ഒരു സർക്കാരിന്റെ ഉത്തരവാദിത്തമാണ്. അവർക്കും മറ്റുള്ളവർക്കൊപ്പം സമൂഹത്തിൽ മാന്യമായി ജീവിക്കാൻ അവകാശം ഉണ്ട്. വായ്പയ്ക്ക് ഈട് നൽകിയ സ്ഥലം പോലും ഒരു രാത്രി കൊണ്ട് പ്രകൃതി ദുരന്തത്തിൽ നഷ്ടപ്പെട്ട ഒരു ജനതയോട് ഈടിന്മേൽ എടുത്ത വായ്പ തിരിച്ച അടയ്ക്കണമെന്ന് പറയുന്നത് ഒട്ടും നീതീകരിക്കാൻ സാധിക്കില്ല.

5) ആയതിനാൽ ദുരന്തബാധിതരുടെ വായ്പ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്ന വിഷയം 27/07/2025 തീയതിലെ മന്ത്രിസഭ ചർച്ച ചെയ്യുകയുണ്ടായി. എന്നാൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയമായതിനാൽ, ഹൈക്കോടതിയുടെ അന്തിമ വിധിക്കു വിധേയമായി നടപടി സ്വീകരിക്കാമെന്ന് തീരുമാനിക്കുകയുണ്ടായി. എന്നാൽ ഇതുവരെ കേന്ദ്ര സർക്കാർ ബഹു. ഹൈക്കോടതിയിൽ അനുകൂല നിലപാട് അറിയിച്ചിട്ടില്ല.

6) ഈ സാഹചര്യത്തിൽ വായ്പ സംബന്ധിച്ച് വയനാട് ജില്ലാ കളക്ടറിൽ നിന്നും സർക്കാർ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ജില്ലാ കളക്ടർ ലഭ്യമാക്കിയ വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു. ഇത് സംബന്ധിച്ച് ജില്ലാ കളക്ടർ ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം Rs. 18,75,69,037.9/- (പതിനെട്ടു കോടി എഴുപത്തിയഞ്ച് ലക്ഷത്തി അറുപത്തിയൊമ്പതിനായിരത്തി മുപ്പത്തിയേഴ് രൂപ ഒൻപത് പൈസ) ആണ് കുടിശ്ശികയിനത്തിൽ വരുന്നത് എന്നാണ് ജില്ലാ കളക്ടർ വ്യക്തമാക്കിയത്.

7) പ്രസ്തുത ലിസ്റ്റ് പ്രകാരം നാല് കാറ്റഗറികളിലാണ് വായ്പകൾ തരം തിരിച്ചിരിക്കുന്നത് :

**1. വിവിധ ഘട്ടങ്ങളിലായി (1,2A,2B) പുനരധിവാസ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കുടുംബങ്ങളുടെ വായ്പകൾ**

**2. മറ്റൊരു ഗുണഭോക്തൃ പട്ടികയിലും ഉൾപ്പെടാത്ത, എന്നാൽ ദുരന്തത്തിൽ മരണപ്പെട്ട വ്യക്തികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വായ്പകൾ (ദുരന്ത ബാധിത പ്രദേശത്തെ താമസക്കാർ അല്ലാത്തവർ)**

**3. വാണിജ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വായ്പകൾ**

i. **വാണിജ്യ സ്ഥാപനങ്ങളിലെ വാടകക്കാരായ വ്യാപാരികളുടെ വായ്പകൾ (വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥരല്ലാത്തവർ, ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതരുടെ പട്ടികയിൽ ഉൾപ്പെടാത്തവർ, പുനരധിവാസ പട്ടികകളിലും മറ്റ് ഗുണഭോക്തൃ പട്ടികകളിലും ഉൾപ്പെടാത്തവർ)**

ii. **വാണിജ്യ കെട്ടിട ഉടമകളായ വ്യാപാരികൾ (മറ്റൊരു ഗുണഭോക്തൃ പട്ടികയിലും ഉൾപ്പെടാത്തവർ)**

iii. **വാണിജ്യ കെട്ടിട ഉടമകൾ (മറ്റൊരു ഗുണഭോക്തൃ പട്ടികയിലും ഉൾപ്പെടാത്തവർ)**

iv. **ഉപജീവനബത്ത ലഭിക്കുന്ന, എന്നാൽ മറ്റൊരു ഗുണഭോക്തൃ പട്ടികയിലും ഉൾപ്പെടാത്ത വ്യക്തികളുടെയും കുടുംബങ്ങളുടെയും വായ്പകൾ ( അതായത്**

**കടകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരായതിനാൽ ജീവനോപാധി നഷ്ടപെട്ടത് മൂലം ഉപജീവന ബത്ത ലഭിക്കുന്നവർ ).**

പ്രസ്തുത ലിസ്റ്റ് താഴെ പറയും പ്രകാരം സർക്കാർ വിശദമായി പരിശോധിച്ച.

പട്ടിക താഴെ കണ്ടാലും .

| Sl No. | വിഭാഗം | ഗുണഭോക്താക്കൾ /വായ്പകളുടെ എണ്ണം | 50,000 വരെയുള്ള ലോണുകൾ | 1,00,000 വരെയുള്ള ലോണുകൾ | 5,00,000 വരെയുള്ള ലോണുകൾ | 10,00,000 വരെയുള്ള ലോണുകൾ | 10,00,000 രൂപയ്ക്കു മുകളിൽ ഉള്ള ലോണുകൾ | ആകെ ലോൺ തുക |
|---|---|---|---|---|---|---|---|---|
| 1 | വിവിധ ഘട്ടങ്ങളിലായി (1,2A,2B) പുനരധിവാസ പട്ടികയിൽ ഉൾപ്പെട്ടുത്തിയിരിക്കുന്ന കുടുംബങ്ങളുടെ വായ്പകൾ. | 446/980 | 1,19,65,591.94 | 1,62,62,360.88 | 4,91,33,323.56 | 2,44,17,089.72 | 1,20,35,106.1 | 11,38,13,472.2 |
| 2 | മറ്റൊരു ഗുണഭോക്തൃ പട്ടികയിലും ഉൾപ്പെടാത്ത, എന്നാൽ ദുരന്തത്തിൽ മരണപ്പെട്ട വ്യക്തികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വായ്പകൾ | 12/23 | 2,36,827 | 5,71,095.2 | 10,27,629 | NIL | NIL | 18,35,551.2 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | (ദുരന്ത ബാധിത പ്രദേശത്തെ താമസക്കാർ അല്ലാത്തവർ ) | | | | | | | |
| 3 | വാണിജ്യ സ്ഥാപനങ്ങളിലെ വാടകക്കാരായ വ്യാപാരികളുടെ വായ്പകൾ | 20/61 | 5,90,184 | 9,01,408.211 | 48,58,300.14 | 30,34,642 | NIL | 93,84,534.35 |
| 4 | വാണിജ്യ കെട്ടിട ഉടമകളായ വ്യാപാരികളുടെ വായ്പകൾ | 14/41 | 6,09,184.5 | 5,25,979 | 29,55,631.75 | 21,75,228.7 | NIL | 62,66,023.95 |
| 5 | വാണിജ്യ കെട്ടിട ഉടമകൾ മാത്രമായവരുടെ വായ്പകൾ | 2/5 | NIL | 7,50,461.5 | NIL | NIL | NIL | 7,50,461.5 |
| 6 | ഉപജീവന ബത്ത ലഭിക്കുന്ന, എന്നാൽ മറ്റൊരു ഗുണഭോക്തൃ പട്ടികയിലും ഉൾപ്പെടാത്ത വ്യക്തികളുടെയും | 61/510 | 61,15,095.22 | 97,80,644.96 | 2,20,06,472.91 | 1,12,38,338.52 | 63,78,443 | 5,55,18,994.61 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കുടുംബങ്ങളുടെയും വായ്പകൾ | | | | | | |
| | 555/1620 | 1,95,16,882.66 | 2,87,91,949.751 | 7,99,81,357.36 | 4,08,65,298.94 | 1,84,13,549.1 | 18,75,69,037.9 |

മേൽ പട്ടിക പ്രകാരം താഴെ പറയുന്ന നിഗമനങ്ങളിൽ എത്താവുന്നതാണ്.

- ആകെ ലോണുകളുടെ എണ്ണം = 1620
- ഗുണഭോക്താക്കളുടെ എണ്ണം = 555
- 10 ലക്ഷം വരെയുള്ള വായ്പ ബാധ്യത = 16,91,55,488.711
- 10 ലക്ഷം മുതൽ മുകളിലേക്ക് ഉള്ള വായ്പ ബാധ്യത തുക = 1,84,13,549.1
- ആകെ ബാധ്യത തുക = 18,75,69,037.9

8) കേരള ബാങ്ക് ജനറൽ മാനേജർ താഴെ പറയുന്ന കാര്യങ്ങൾ അറിയിച്ചിരിക്കുന്നു.

***"2024 ജൂലൈ മുപ്പതാം തീയതി വയനാട്ടിൽ ചൂരൽമല, മുണ്ടക്കൈ പ്രദേശത്ത് ഉണ്ടായ ഉരുൾപൊട്ടലിൽ ദുരന്തം അനുഭവിച്ചവരിൽ ബാങ്കിന്റെ ചൂരൽമല-മേപ്പാടി ശാഖകളിലെ വായ്പാക്കാരും ഉണ്ടായിരുന്നു. ഇവരിൽ ബിസിനസ് സ്ഥാപനം നഷ്ടപ്പെട്ടവർ, തൊഴിൽ നഷ്ടപ്പെട്ടവർ, കുടുംബാംഗങ്ങൾ മരണപ്പെട്ടവർ, വഴിയും യാത്ര സൗകര്യവും നഷ്ടപ്പെട്ട് ഒറ്റപ്പെട്ടുകയും, കൃഷിയും ജീവനോപാധികളും നഷ്ടപ്പെട്ടുകയും ചെയ്തവർ എന്നിങ്ങനെ ഉള്ളവരുടെ വായ്പകൾ റവന്യൂ അധികാരികളിൽ നിന്നും റവന്യൂ റിക്കോർഡുകൾ ലഭിക്കുന്ന മുറയ്ക്ക് 207 വായ്പകളിൽ 3.86 കോടി രൂപ എഴുതി തള്ളുന്നതിന് തീരുമാനിച്ചു. ആയതിൽ 31.03.2025 വരെ രേഖകൾ ലഭിച്ച 38 വായ്പകളിൽ 93.01 ലക്ഷം രൂപ എഴുതി തള്ളി. തുടർന്ന് ടി ദുരന്തത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർക്ക് പ്രതിദിനം 300 രൂപ വീതം തഹസിൽദാർ മുഖേന ഉപജീവനബത്ത നൽകി വരുന്ന 40 പേരുടെ ലിസ്റ്റ് തഹസിൽദാർ 07.08.2025 സാക്ഷ്യപ്പെടുത്തിയത് റവന്യൂ രേഖയായി സ്വീകരിച്ച് കുടുംബാംഗം മരണപ്പെട്ടവരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയ 8 വായ്പകൾ, വീട് നഷ്ടപ്പെട്ടവരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയ 21 വായ്പകൾ, സ്ഥലം നഷ്ടപ്പെട്ടവരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയ 8 വായ്പകൾ, ഷോപ്പ്***

*നഷ്ടപ്പെട്ടവരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയ 3 വായ്പകൾ, മറ്റുതരത്തിൽ നഷ്ടം സംഭവിച്ചവരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയ ഒരു വായ്പ ഉൾപ്പെടെ 40 ദുരിതബാധിതരുടെ 41 വായ്പകളിലായി (ഒരാൾക്ക് രണ്ടു വായ്പ) 87,20,466.94 രൂപ തൊഴിൽ നഷ്ടപ്പെട്ടവർ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി എഴുതിത്തള്ളുന്നതിനുള്ള രേഖകൾ ലഭ്യമായിട്ടുണ്ട്."*

കേരള ബാങ്ക് ജനറൽ മാനേജറുടെ റിപ്പോർട്ട് പ്രകാരം,

- കേരള ബാങ്കിൽ വയനാട് ദുരന്തബാധിതർക്ക് ഉണ്ടായിരുന്ന ആകെ വായ്പകൾ = 3.86 കോടി
- അതിൽ എഴുതി തള്ളിയത് = 93.01 ലക്ഷം
- എഴുതി തള്ളാനായി രേഖകൾ ലഭിച്ചിട്ടുള്ള തുക = 87,20,466.94

ഇതിൽ നിന്നും കേരള ബാങ്ക് 93.01 ലക്ഷം രൂപ മാത്രമാണ് എഴുതി തള്ളിയത് എന്ന് കാണുന്നു.

9) ചീഫ് സെക്രട്ടറിയുടെ 22/01/2026 തീയതിയിലെ 9/സി.എസ്.ഒ/2026 നമ്പർ കുറിപ്പിൽ ഇപ്രകാരം നിർദേശിച്ചിരുന്നു :

*"വയനാട് ചൂരൽമല ദുരന്തബാധിതരുടെ വായ്പ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ തൽസ്ഥിതി സംബന്ധിച്ച് നിയമ വകുപ്പുമന്ത്രി അഡ്വക്കേറ്റ് ജനറലുമായി ചർച്ച ചെയ്യുന്നുണ്ട്. പ്രസ്തുത ചർച്ചയിൽ നിർദ്ദേശിക്കുന്ന ശിപാർശകൾ സഹിതം ഈ വിഷയം അടുത്ത മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്."*

കൂടാതെ, ചീഫ് സെക്രട്ടറിയുടെ 22/01/2026-ലെ 9(1)/സി.എസ്.ഒ/2026 നമ്പർ കുറിപ്പിൽ താഴെ പറയുന്ന കാര്യങ്ങൾ നിർദേശിച്ചിരിക്കുന്നു :

*"ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച് നിയമവകുപ്പ് മന്ത്രി അഡ്വക്കേറ്റ് ജനറലുമായി ഇന്ന് ചർച്ച ചെയ്യുമെന്നും ലോൺ എഴുതിത്തള്ളുന്നത് സംബന്ധിച്ച് വിവിധ ഓപ്ഷനുകൾ കണ്ടെത്തി ഈ വിഷയം അടുത്ത മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം."*

10) ചീഫ് സെക്രട്ടറിയുടെ 22/01/2026-ലെ 9/സി.എസ്.ഒ/2026 നമ്പർ കുറിപ്പിന്റെ

അടിസ്ഥാനത്തിൽ നിയമ വകുപ്പ് 23/01/2026-ലെ 13/LS/2026/Law നമ്പർ കുറിപ്പ് പ്രകാരം താഴെ പറയുന്ന അഭിപ്രായം അറിയിച്ചിട്ടുണ്ട്.

***"As per the direction in WP(C) No.28509/2024(S) the Hon'ble Court has asked whether the respondent banks are willing to waive either wholly or partially the loans availed by the landslide victims in Wayanad, if not their justification with reference to the terms of loan agreement for seeking repayment of loan together with interest during the pendancy of the writ petition. In that matter, the Government is of the view that the loans can be settled either by way of one time settlement or any other method after conducting discussions with the State Level Banking Committee."***

11) മുകളിൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, വയനാട് ചൂരൽമല-മുണ്ടക്കൈ ദുരന്തബാധിതമായി പ്രഖ്യാപിച്ച പ്രദേശങ്ങളിലെ ദുരന്തബാധിതരുടെ വായ്പ സർക്കാർ ഏറ്റെടുക്കുകയാണെങ്കിൽ, ബാങ്കുകൾക്ക് മൊത്തം വായ്പാബാധ്യതയായി നൽകേണ്ടിവരുന്ന തുക ₹18,75,69,037.90 (പതിനെട്ട് കോടി എഴുപത്തിയഞ്ചുലക്ഷത്തി അറുപത്തൊമ്പതിനായിരത്തി മുപ്പത്തേഴ് രൂപ തൊണ്ണൂറ് പൈസ) ആയിരിക്കും. ഇതിൽ കേരള ബാങ്കിന്റെ വായ്പാബാധ്യതയും ഉൾപ്പെടുന്നുണ്ട്.

12) 30/07/2024 മുതൽ ഇതുവരെ ബഹു ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനാൽ ഈ കാലയളവിലെ പലിശ വായ്പാ ബാധ്യതയിൽ ഉൾപ്പെടുത്തിയിട്ടില്ല. 30/07/2024 വരെ നിലവിലുണ്ടായിരുന്ന വായ്പാ ബാധ്യതയാണ് ₹18,75,69,037.90.

13) ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ നിന്നും 555 ഗുണഭോക്താക്കൾക്കായി 1620 വായ്പകളുണ്ടെന്നത് വ്യക്തമാണ്. ഒരാൾക്ക് ഒന്നിലധികം വായ്പകളുണ്ടെന്നതും ഇതിൽ നിന്നു മനസ്സിലാക്കാം. അതിനാൽ ഒരു വ്യക്തിയുടെ മുഴുവൻ വായ്പാ ബാധ്യതയും സർക്കാർ ഏറ്റെടുക്കണോ, അല്ലെങ്കിൽ അതിന് പരിധി നിശ്ചയിക്കണോ എന്നതും തീരുമാനിക്കപ്പെടേണ്ടതാണ്.

14) വയനാട് ജില്ലാ കളക്ടർ സമർപ്പിച്ച പട്ടികയിൽ നിന്നു വ്യത്യസ്തമായി ഏതെങ്കിലും വ്യക്തിയെ പുതുതായി ഉൾപ്പെടുത്തേണ്ടിവന്നാലോ ഒഴിവാക്കേണ്ടിവന്നാലോ, അതിന്മേൽ അന്തിമ തീരുമാനമെടുക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ദുരന്തനിവാരണ വകുപ്പ് സെക്രട്ടറി, ധനകാര്യ സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന ഒരു ഉന്നതതല സമിതിയെ നിയോഗിക്കുന്നത് ഉചിതമായിരിക്കും.

15) ഖണ്ഡിക 9 ൽ പരാമർശിച്ചിരിക്കുന്ന ചീഫ് സെക്രട്ടറിയുടെ കുറിപ്പ് പ്രകാരം ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

**തീരുമാനം എടുക്കേണ്ട വിഷയങ്ങൾ**

1. (a) വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട ദുരന്തബാധിതരുടെ വായ്പ കുടിശ്ശികയായി ജില്ലാ കളക്ടർ അനുബന്ധം-1 പ്രകാരം അറിയിച്ചിട്ടുള്ള ഖണ്ഡിക 7-ൽ പ്രതിപാദിച്ചിരിക്കുന്ന വിഭാഗങ്ങളിലെ ദുരന്തബാധിതരുടെ 30/07/2024 തീയതിയിലെ വായ്പാബാധ്യതയായ ₹18,75,69,037.90 സംസ്ഥാന സർക്കാർ ഏറ്റെടുത്ത് ബാങ്കുകൾക്ക് നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നു തുക അനുവദിക്കാവുന്നതാണോ?

അല്ലെങ്കിൽ

(b) ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ നിന്നും ഒരാൾക്ക് ഒന്നിലധികം വായ്പകളുണ്ടെന്ന സാഹചര്യം കണക്കിലെടുത്ത്, ഒരു വ്യക്തിയുടെ മുഴുവൻ വായ്പാബാധ്യതയും സർക്കാർ ഏറ്റെടുക്കണമോ, അതോ അതിന് പരിധി നിശ്ചയിക്കണമോ?

2. 1 (a) or (b) അംഗീകരിക്കുകയാണെങ്കിൽ അപ്രകാരമുള്ള തുക ബാങ്കുകൾക്ക് നൽകുന്നതിന് വയനാട് ജില്ലാ കളക്ടർറെ ചുമതലപ്പെടുത്തണമോ? ഈ തുക വയനാട് ജില്ലാ കളക്ടർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നു അനുവദിക്കാവുന്നതാണോ ?

3. വയനാട് ചൂരൽമല ദുരന്തബാധിതരുടെ ദയനീയാവസ്ഥ കണക്കിലെടുത്ത് കേരള ബാങ്ക് എഴുതിത്തള്ളിയതായി അറിയിച്ചിട്ടുള്ള ₹93.01 ലക്ഷം രൂപ മൊത്തം വായ്പാബാധ്യതയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ, പ്രസ്തുത തുക കേരള ബാങ്കിന് തിരികെ അനുവദിക്കാവുന്നതാണോ?

4. വയനാട് ജില്ലാ കളക്ടർ സമർപ്പിച്ച പട്ടികയിൽ നിന്നു വ്യത്യസ്തമായി ഏതെങ്കിലും വ്യക്തിയെ പുതുതായി ഉൾപ്പെടുത്തേണ്ടിവന്നാലോ ഒഴിവാക്കേണ്ടിവന്നാലോ, അതിന്മേൽ തീരുമാനമെടുക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ദുരന്തനിവാരണ വകുപ്പ് സെക്രട്ടറി, ധനകാര്യ സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന ഒരു ഉന്നതതല സമിതിയെ നിയോഗിക്കാവുന്നതാണോ?

അനുബന്ധം - 1

# COMPENDIUM - DETAILS OF LOANS

## LOANS OF FAMILIES INCLUDED IN DIFFERENT PHASE LISTS

| PHASE | CATEGORY | No FAMILIES IN PHASE LIST | TOTAL No. OF LOANS | TOTAL No. OF INDIVIDUAL BENE. | AMOUNT | 0-50000 | | | 0-100000 | | | 0-500000 | | | 0-1000000 | | | ABOVE 1000000 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | No. OF LOANS | No. OF BENE | AMOUNT | No. OF LOANS | No. OF BENE | AMOUNT | No. OF LOANS | No. OF BENE | AMOUNT | No. OF LOANS | No. OF BENE | AMOUNT | No. OF LOANS | No. OF BENE | HIGHEST AMOUNT OF LOAN |
| 1 | FULLY WASHED OUT/PARTIALY DAMAGED (NO GO ZONE) | 242 | 606 | 268 | 67475017.94 | 303 | 163 | 7898942.56 | 440 | 210 | 17546374.19 | 584 | 261 | 46300305.84 | 601 | 265 | 58071689.79 | 5 | 5 | 2616945 |
| 2A | NOT DAMAGED (NO GO ZONE) | 87 | 209 | 100 | 25673321.85 | 95 | 57 | 2349139.93 | 145 | 77 | 5814407.54 | 198 | 97 | 16834778.85 | 208 | 100 | 24341543.85 | 1 | 1 | 1331778 |
| 2B | BEYOND THE NO | 73 | 165 | 78 | 20665132.45 | 66 | 39 | 1717509.45 | 110 | 63 | 4867171.09 | 156 | 76 | 14226191.69 | 164 | 77 | 19365132.45 | 1 | 1 | 1300000 |
| TOT | | **402** | **980** | **446** | **113813472.2** | **464** | **259** | **11965591.94** | **695** | **350** | **28227952.82** | **938** | **434** | **77361276.38** | **973** | **442** | **101778366.1** | **7** | **7** | **NA** |

## LOANS OF PEOPLE WHO DIED IN THE LANDSLIDE AND THEIR FAMILIES

| | TOTAL No. OF LOANS | TOTAL No. OF INDVDL BENE. | AMOUNT | 0-50000 | | | 0-100000 | | | 0-500000 | | | 0-1000000 | | | ABOVE 1000000 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | No. OF LOANS | No. OF BENE. | AMOUNT | No. OF LOANS | No. OF BEN E. | AMOUNT | No. OF LOANS | No. OF BENE | AMOUNT | No. OF LOANS | No. OF BEN E. | AMOUNT | No. OF LOANS | No. OF BEN E. | HIGHEST AMOUNT OF LOAN |
| | **23** | **12** | **1835551.2** | **10** | **5** | **236827** | **18** | **9** | **807922.2** | **23** | **12** | **183551.2** | **0** | **0** | **0** | **0** | **0** | **0** |

## LOANS RELATED TO COMMERCIAL ESTABLISHMENTS

| | TOTAL No. OF LOANS | TOTAL No. OF INDVDL BENE. | AMOUNT | 0-50000 | | | 0-100000 | | | 0-500000 | | | 0-1000000 | | | ABOVE 1000000 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | No. OF LOAN | No. OF BEN | AMOUNT | No. OF LOANS | No. OF BEN | AMOUNT | No. OF LOAN | No. OF BENE | AMOUNT | No. OF LOAN | No. OF BEN | AMOUNT | No. OF LOAN | No. OF BEN | HIGHEST AMOUNT OF LOAN |
| *LOANS RELATED TO COMMERCIAL BUSINESSPERSONS - ONLY TENANTS (WHO DO NOT OWN THE COMMERCIAL BUILDINGS, ARE NOT CONNECTED TO THE DEATH LIST AND NOT INCLUDED IN PHASE LIST OR OTHER BENEFICIARY LIST)* | | | | | | | | | | | | | | | | | | |
| | **61** | **20** | **9384534.35** | **24** | **12** | **590184** | **37** | **15** | **1491592.21** | **56** | **19** | **6349892.35** | **61** | **20** | **9384534.35** | **0** | **0** | **0** |
| *LOANS RELATED TO COMMERCIAL BUSINESSPERSONS WHO OWN BUILDINGS AND ARE ALSO CONDUCTING BUSINESS IN THE PREMISES (NOT INCLUDED IN OTHER LISTS)* | | | | | | | | | | | | | | | | | | |
| | **41** | **14** | **6266023.95** | **19** | **8** | **609184.5** | **27** | **8** | **1135163.5** | **38** | **13** | **4090795.25** | **41** | **14** | **6266023.95** | **0** | **0** | **0** |
| *LOANS RELATED TO INDIVIDUALS WHO OWN ONLY COMMERCIAL BUILDINGS IN THE AREA (NOT INCLUDED IN OTHER LISTS)* | | | | | | | | | | | | | | | | | | |
| | **5** | **2** | **750461.5** | **0** | **0** | **0** | **1** | **1** | **90265** | **5** | **2** | **750461** | **0** | **0** | **0** | **0** | **0** | **0** |

## LOANS OF PEOPLE AND FAMILIES WHO ARE GETTING LIVELIHOOD ALLOWANCE , BUT NOT INCLUDED IN ANY OTHER BENEFICIARY LIST

| | TOTAL No. OF LOANS | TOTAL No. OF INDVDL BENE. | AMOUNT | 0-50000 | | | 0-100000 | | | 0-500000 | | | 0-1000000 | | | ABOVE 1000000 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | No. OF LOANS | No. OF BENE | AMOUNT | No. OF LOANS | No. OF BENE | AMOUNT | No. OF LOANS | No. OF BENE | AMOUNT | No. OF LOANS | No. OF BENE | AMOUNT | No. OF LOANS | No. OF BENE | HIGHEST AMOUNT OF LOAN |
| | **510** | **61** | **55518994.61** | **239** | **145** | **6115095.22** | **378** | **186** | **15895740.18** | **491** | **220** | **37902213.09** | **506** | **226** | **49140551.61** | **4** | **4** | **55518994.61** |
| **Consolidated Data** | **1620** | **555** | **187569037.9** | **756** | **429** | **19516882.66** | **1156** | **569** | **47648635.91** | **1551** | **700** | **126638189.3** | **1581** | **702** | **166569476** | **11** | **11** | **NA** |

Note:

The total oustanding loan amount as per the masterlist prepared in February 2025 is Rs. 30,78,78,346.83/- pertaining to 2544 loans of 1208 individuals spread across 780 families who are among the total number of families who were incorporated in various phases in the microplan.

2. The last section of outstanding loan amounts pertains mostly to the loans of individuals who were not affected directly by the disaster , are living beyond the 50 m limit from the no-go zone , but whose access is through no-go zone and are isolated.